
Deshabhimani 10-1-19, p-13

# പച്ചക്കറികളിലെ മൂലക അഭാവം: ലക്ഷണങ്ങളും പ്രതിവിധികളും




മലപ്പട്ടം പ്രഭാകരൻ

പച്ചക്കറികളിൽ മൂലകങ്ങളുടെ കുറവ് പലപ്പോഴും രോഗബാധ കൊണ്ടാണോ എന്ന് തെറ്റിദ്ധരിച്ച് മരുന്നു പ്രയോഗം നടത്താറുണ്ട്. ഫലപ്രദമാവാതെ വരുമ്പോൾ നിരാശപ്പെടും. എന്നാൽ മണ്ണിലെ സ്തൂല, സൂക്ഷ്മ പോഷകമൂലകങ്ങളുടെ കുറവ് ചെടികളുടെ വളർച്ചയേയും ഉൽപ്പാദനത്തെയും പ്രതികൂലമാക്കും. ഇത്തരം അഭാവ ലക്ഷണങ്ങൾ ചെടികളിൽ തിരിച്ചറിയുകയും ആവശ്യമായ മൂലകം ചേർത്തുകൊടുക്കുകയാണ് ഉടൻ വേണ്ടത്.

**മണ്ണിലെ സ്തൂല, സൂക്ഷ്മ പോഷകമൂലകങ്ങളുടെ കുറവ് ചെടികളുടെ വളർച്ചയേയും ഉൽപ്പാദനത്തെയും പ്രതികൂലമാക്കും. ഇത്തരം അഭാവ ലക്ഷണങ്ങൾ ചെടികളിൽ തിരിച്ചറിയുകയും ആവശ്യമായ മൂലകം ചേർത്തുകൊടുക്കുകയാണ് ഉടൻ വേണ്ടത്.**

പച്ചക്കറിക്കുവേണ്ട പ്രധാന മൂലകമാണ് പാക്യജനകം (നൈട്രജൻ). ഇല മഞ്ഞളിക്കുക, തവിടുനിറമാവുക, വളർച്ച മുരടിക്കുക എന്നിവയാണ് ലക്ഷണം. രാസവളമായി യൂറിയ ചേർക്കാം. അല്ലെങ്കിൽ കോഴിക്കാട്ടം, കടലപ്പിണ്ണാക്ക് എന്നിവ ചേർത്തുകൊടുക്കണം.

ഭാവഹക്കുറവ്: ഫോസ് ഫറസ് അഥവാ ഭാവഹം കുറഞ്ഞാൽ ഇലകളിൽ ചുവപ്പുകലർന്ന ഊതവർണം കാണാം. വളർച്ചക്കുറവ്, വേരുകൾ കുറയുക എന്നിവ ലക്ഷണമാണ്. എല്ലുപൊടി ചേർക്കുക. രാസവളമെങ്കിൽ മഷൂറിറോക്ക് ഫോസ്ഫേറ്റ് ചേർക്കുക.

പൊട്ടാസ്യം അഥവാ ക്ഷാരാംശം

ചെടിയുടെ അടിഭാഗത്തെ ഇലകളുടെ അരിക് ഭാഗം തവിട്ടുനിറമാവും. പൂക്കൾ കൊഴിയും. കായ്ഫലം കുറയും. രാസവളമായി മ്യൂറേറ്റ് ഓഫ് പൊട്ടാഷ് ചേർക്കാം. ചാരം (വെണ്ണീർ) ചേർത്തുകൊടുക്കുക.

കാത്സ്യം: വളർച്ച കുറഞ്ഞ ഇലകളും കായ്കളും. മണ്ണിൽ കുമ്മായമോ, ഡൊളോമൈറ്റോ ചേർക്കുക.

മഗ്നീഷ്യം: ഇലകൾ കീഴ്ഭാഗത്തുനിന്നും മഞ്ഞളിച്ച് എല്ലാ ഇലകളെയും ബാധിക്കും. ഞരമ്പിന്റെ പച്ചപ്പുമങ്ങും.

സൾഫർ: പൊതുവെ വളർച്ചകുറഞ്ഞ് തൈകൾ മഞ്ഞളിപ്പുണ്ടാകും. ജൈവവളം കുറയുന്നതും സൾഫർ ലഭ്യത ഇല്ലാതാകും. ജൈവവളം ചേർക്കുക. സൾഫറടങ്ങിയ രാസവളം നൽകാം.

മാംഗനീസ്: ഇലഞരമ്പിലും മൂത്ത ഇലകളിലും മഞ്ഞളിപ്പ് - പൊട്ടാസ്യത്തിന്റെയും കുറവ് ഈ ലക്ഷണം കാണിക്കും. കുമ്മായം (നീറ്റുകക്ക) ചേർക്കുക. രാസവളമായ മാംഗനീസ് സൾഫേറ്റ് 6 ഗ്രാം 1 ലിറ്റർ വെള്ളത്തിൽ കലർത്തി ഇലയിൽ തളിക്കുക.

സിംങ്ക്: ഇല ചുരുളൽ- ചെറുതാകൽ എന്നിവ ലക്ഷണമാണ്. ക്ഷാരാംശം കൂടുതൽ നൽകരുത്. സിംങ്ക് സൾഫേറ്റ് 5 ഗ്രാം 1 ലി. വെള്ളത്തിൽ കലർത്തി ഇലയിൽ തളിക്കുക.

കോപ്പർ: തളിരിലയുടെ അറ്റം വാടി ചുരുളും. കോപ്പർ സൾഫേറ്റ് ഇലയിൽ തളിക്കുക.

മോളിബ്ഡിനം: ശിഖരംചുരുണ്ട് ഉണങ്ങും. 'സോഡിയം മോളിബ്ഡേറ്റ് 0.3 ഗ്രാം 1 ലിറ്റർ വെള്ളത്തിൽ കലർത്തി തളിക്കുക.

ബോറോൺ: ഇലയുടെ അരിക് മഞ്ഞളിപ്പ്. മുകുളം വളരാതെ അറച്ചുനിൽക്കും.

ഇരുമ്പ്: പൊതുവേ ഇലമഞ്ഞളിക്കും. എന്നാൽ ഇലഞരമ്പ് പച്ചനിറമായിരിക്കും. ഫെറസ് സൾഫേറ്റ് 4 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി തളിക്കുക.